# പിരമിഡുകളുടെ പുഞ്ചിരി

## ഈജിപ്ഷ്യൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മുഹമ്മദ് മുർസിയുടെ മുന്നോട്ടുള്ള ചുവടുവയ്പുകൾക്കാണ് ലോകം കാതോർക്കുന്നത്

■ **മുസാഫിർ**

**ഹു**സ്നി മുബാറക്കിൽനിന്ന് മുഹമ്മദ് മുർസിയിലേക്ക്. സ്വേച്ഛാവാഴ്ചയിൽനിന്ന് 'രാഷ്ട്രീയ ഇസ്ലാമി'ലേക്ക്. ഈജിപ്തിൽ പുതിയൊരു ഋതുസംക്രമണത്തിന്റെ ഈണങ്ങൾ. വിമോചന ചത്വരത്തിൽനിന്ന് ഉരുവം കൊണ്ട ഉണർത്തുപാട്ട് നൈൽ നദിയുടെ തരംഗശൃംഗങ്ങളെയും തരളിതമാക്കി.

തലസ്ഥാനമായ കയ്റോയിലെ തഹ്‌രീർ സ്ക്വയറിൽ (വിമോചന ചത്വരം) കഴിഞ്ഞ വെള്ളിയാഴ്ച പ്രതീകാത്മകമായും പിറ്റേ ദിവസം ഔദ്യോഗികമായും ഈജിപ്തിന്റെ പുതിയ പ്രസിഡന്റായി അറുപതുകാരനായ മുഹമ്മദ് മുർസി അധികാരമേറ്റു. അറബ് ലോകത്ത് ഏറ്റവുമധികം ജനസാന്ദ്രതയുള്ള (എട്ടര കോടി) ഈജിപ്തിൽ പുതിയൊരു സ്വപ്നം പുലരുന്നുവെന്നായിരുന്നു അമേരിക്കയിൽനിന്ന് എൻജിനീയറിംഗ് ബിരുദം നേടിയ മുർസിയുടെ പ്രഖ്യാപനം. ഈജിപ്തിനകത്തും പുറത്തുമുള്ള സ്വാതന്ത്രേച്ഛുക്കൾ ഹർഷാരവത്തോടെ പ്രസിഡന്റിന്റെ പ്രഖ്യാപനം സ്വാഗതം ചെയ്തു. പതിനെട്ടു ലക്ഷത്തിലധികം ഈജിപ്തുകാർ ജീവിക്കുന്ന സൗദി അറേബ്യയിലും മുർസിയെ പിന്തുണച്ച് ആഹ്ലാദാഭിനന്ദനങ്ങളുടെ പങ്കുവയ്പുകളുണ്ടായി.

ലോകത്തെമ്പാടുമുള്ള ഈജിപ്ഷ്യൻ ജനതയ്ക്ക് ഭാസുരമായ ഭാവിജീവിതം വാഗ്ദാനം ചെയ്ത മുർസി ഒരു 'നവ ഈജിപ്താ'ണ് താൻ ലക്ഷ്യമിടുന്നതെന്നും പ്രഖ്യാപിച്ചു. സ്വാതന്ത്ര്യം, സ്ഥിരത, സമ്പൂർണ ജനാധിപത്യം എന്നിവയുടെ ആധാരശിലയിലായിരിക്കും പുതിയ ഈജിപ്തിനെ പടുത്തുയർത്തുകയെന്നും ലളിതജീവിതത്തിന്റെ ഉത്തമ മാതൃകയെന്ന് കരുതപ്പെടുന്ന മുർസി ചൂണ്ടിക്കാട്ടുകയുണ്ടായി. രാജ്യത്തെ പത്ത് ശതമാനം വരുന്ന ക്രൈസ്തവരുടെ ക്ഷേമകാര്യങ്ങളിലും മതപരമായ അവകാശസംരക്ഷണത്തിലും താൻ ബദ്ധശ്രദ്ധനായിരിക്കുമെന്നും അദ്ദേഹം ഉറപ്പു നൽകി. അറബികൾ പൊതുവേയും ഈജിപ്ഷ്യൻ മുസ്ലിംകളും ഈജിപ്ഷ്യൻ ക്രിസ്ത്യാനികളും വിശേഷിച്ചും തീർത്തും സ്വതന്ത്രവും സമൃദ്ധവുമായി വാഴുന്ന ജനകീയരാഷ്ട്ര സംസ്ഥാപനത്തിനായിരിക്കും താൻ ഇനി മുതൽ പ്രവർത്തിക്കുകയെന്നു കൂടി പറഞ്ഞതോടെ അവിടത്തെ ന്യൂനപക്ഷങ്ങളുടേയും സാധാരണക്കാരുടേയും പ്രതീക്ഷയ്ക്ക് തിളക്കമേറുകയും ചെയ്തു.

### പോരാട്ടങ്ങളുടെ കുന്തമുന

ഹുസ്നി മുബാറക്കും മകൻ ജമാൽ മുബാറക്കും അവരുടെ പരിവാരങ്ങളും കഴിഞ്ഞ മുപ്പത് കൊല്ലമായി കൊള്ളയടിച്ചു തകർത്ത ഒരു രാജ്യത്തെ ചാരത്തിൽനിന്ന് ഉയിർത്തെഴുന്നേൽക്കുന്ന ഫീനിക്സിനെപ്പോലെ മാറ്റിയെടുക്കാനാണ് മുസ്ലിം ബ്രദർഹുഡിന്റെ കരുത്തനായ സാരഥി കൂടിയായ മുർസിയുടെ യത്നം. അധികാര പ്രമത്തതയുടെ മുപ്പതാണ്ടിനുശേഷം അമേരിക്കയുടെ ദത്തുപുത്രനായ ഹുസ്നി മുബാറക്കിനെ ഇക്കഴിഞ്ഞ ഫെബ്രുവരി പതിമൂന്നിന് ഈജിപ്ഷ്യൻ ജനത ചരിത്രത്തിന്റെ മാലിന്യത്തൊട്ടിയിലേക്കെറിയുകയായിരുന്നു. വിമോചന ചത്വരത്തിൽനിന്നു വീശിയ ജനകീയരോഷത്തിന്റെ ചുഴലിക്കാറ്റിൽ മുബാറക് കാലിടറി വീണു. ജനുവരി 25-ന് ടുണീഷ്യയിൽനിന്നു പൊട്ടിപ്പുറപ്പെട്ട അറബ് വസന്തത്തിന്റെ രണ്ടാം ഇടിമുഴക്കമായിരുന്നു ഫറോവമാരുടെ നാട്ടിൽ കേട്ടത്. നവംബർ 28-നാണ് ജനാധിപത്യ പ്രസ്ഥാനങ്ങളുടെ തിരുപ്പിറവിയ്ക്ക് അറേബ്യൻ സംസ്കൃതിയുടെ കളിത്തട്ടായ ഈജിപ്ത് സാക്ഷ്യം വഹിച്ചത്. പാർലമെന്റിന്റെ അധോമണ്ഡലമായ 508 അംഗ പീപ്പിൾസ് അസംബ്ലിയിലേക്ക് നടന്ന വോട്ടെടുപ്പിൽ അത്യാവേശപൂർവമായ ജനകീയപങ്കാളിത്തമുണ്ടായി. സ്ത്രീകൾ വർധിച്ച ആവേശത്തോടെയാണ് ജനസമ്മതി രേഖപ്പെടുത്തിയത്. മുബാറക്കിനു മുട്ടുമടക്കുകയല്ലാതെ രക്ഷയില്ലെന്നായി. നടുറോഡിലിട്ടു ജനം പിച്ചിച്ചീന്തും മുമ്പേ ഹുസ്നി മുബാറക്കും കുടുംബവും കൊട്ടാരം വിട്ട് ഒളികേന്ദ്രത്തിലേക്കു പലായനം ചെയ്തു.

നൈൽ നദീതടത്തിലെ ശർക്കിയ പ്രവിശ്യയിൽ ജനിച്ച മുഹമ്മദ് മുർസി, കയ്റോ സർവകലാശാലയിൽനിന്ന് പഠനം പൂർത്തിയാക്കി സതേൺ കാലിഫോർണിയയിൽനിന്നാണ് എൻജിനീയറിംഗിൽ പി.എച്ച്.ഡി കരസ്ഥമാക്കിയത്. അമേരിക്കൻ-അറബ് കൂട്ടായ്മയുടെ മുന്നണിപ്പോരാളിയായി

മുഹമ്മദ് മുർസിയുടെ വിജയാഹ്ലാദം



ഇസ്രായേൽ വിരുദ്ധ പ്രസ്ഥാനങ്ങളിൽ സജീവമായ മുർസി പെട്ടെന്നാണ് ശ്രദ്ധേയനായി മാറിയത്. നിയോ കൊളോണിയൽ വിരുദ്ധ പോരാട്ടങ്ങളുടെ കുന്തമുനയായ മുർസി, മുസ്ലിം ബ്രദർഹുഡിന്റെ പ്രവർത്തനങ്ങളിലാണ് കൂടുതലായും മുഴുകിയത്. ബ്രദർഹുഡ് അദ്ദേഹത്തെ 2000-ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ രംഗത്തിറക്കി. 2005-ൽ ബ്രദർഹുഡിന് അഞ്ചിലൊന്നു സീറ്റുകൾ നേടാനായി. പക്ഷേ, തെരഞ്ഞെടുപ്പ് തീർന്നതോടെ മുർസിയെ ഹുസ്നി മുബാറക് ജയിലിലടച്ചു.

ഇസ്ലാമിസ്റ്റുകളുടെ വക്താവായി മാറിയ മുർസിയാണ് മുബാറക്കിനെ അധികാരഭ്രഷ്ടനാക്കിയ ജനകീയ പോരാട്ടത്തിന് ഊർജം പകർന്നത്. ഈജിപ്തിലെ മഹാഭൂരിപക്ഷം ജനങ്ങളുടേയും ജീവിതക്ലേശത്തിന് അറുതി വരുത്തുകയും അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുകയെന്നതാണ് മുർസിയുടെ സ്വപ്നം. വിപ്ലവാനന്തര ഈജിപ്തിന് സാമ്പത്തികാഭിവൃദ്ധിയുണ്ടാക്കാനുള്ള കർമപരിപാടികളിൽ മുഴുകിയ മുർസിയുടെ മുമ്പിൽ നിരവധി വെല്ലുവിളികളുമുണ്ട്. ഈജിപ്തിനകത്തെ ഇറാനിയൻ നുഴഞ്ഞുകയറ്റവും വൈദേശിക സ്വാധീനവും തടയുകയെന്നതും മുബാറക്കിന്റെ വിശ്വസ്തരായ ഉദ്യോഗസ്ഥ മേധാവികൾ പിടിമുറുക്കിയ ഭരണമണ്ഡലത്തെ വിമോചിപ്പിച്ച് സത്യത്തിന്റേയും അഴിമതിരാഹിത്യത്തിന്റേയും പാതയിലേക്ക് അതിനെ നയിക്കുകയെന്നതും മുർസി അതിജീവിക്കേണ്ട ഭീഷണികളാണ്. ആഭ്യന്തര നയങ്ങളിൽ പെട്ടെന്നു മാറ്റം വരുത്തണമെങ്കിൽ മുബാറക്കിന്റെ അവശേഷിക്കുന്ന ശിങ്കിടികളെക്കൂടി പുറത്താക്കേണ്ടി വരും.

## തുരുമ്പെടുത്ത ധാർഷ്ട്യം

പ്രസിഡൻഷ്യൽ-പാർലമെന്ററി മിശ്രിതരീതിയുടെ ഒരു ഇടക്കാല പരീക്ഷണമാണ് മുർസി ആസൂത്രണം ചെയ്യുന്നത്. അത് പൂർണമായ ജനാധിപത്യത്തിലേക്കുള്ള പാതയൊരുക്കലായിരിക്കുമെന്നും അദ്ദേഹം കണക്കുകൂട്ടുന്നു. ഇസ്ലാമിക വ്യവസ്ഥയിലൂന്നി, പൗരാവകാശങ്ങൾ പരിരക്ഷിക്കുന്ന ഒരു ഭരണഘടനയുടെ പണിശാലയിലാണ് മുർസിയും സഹപ്രവർത്തകരുമിപ്പോൾ. വൈസ് പ്രസിഡന്റുമാരുടെ പദവിയിലേക്ക് ഒരു ക്രൈസ്തവനെയും ഒരു വനിതയെയും കൂടി നിയോഗിക്കാനും ആലോചിക്കുന്നുണ്ടത്രേ. വേൾഡ് ട്രേഡ് സെന്റർ ബോംബ് കേസുമായി ബന്ധപ്പെട്ട് ജയിലിൽ കിടക്കുന്ന ഉമർ അബ്ദുറഹ്മാന്റെ മോചനത്തിനു ശ്രമിക്കുമെന്നും പ്രസിഡന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

മുർസിയുടെ പത്നി നജ്ലാ അലി മെഹ്മൂദ് പറയുന്നു: ദയവ് ചെയ്ത് എന്നെ രാജ്യത്തിന്റെ പ്രഥമ വനിതയെന്നു വിളിക്കരുത്. ഞാൻ വെറും സാധാരണക്കാരി.

മുർസി പറഞ്ഞു: എനിക്കു രാജകൊട്ടാരവും ആഡംബരങ്ങളും വേണ്ട. ഞാൻ നിങ്ങളിലൊരാൾ മാത്രം.

സൗദി അറേബ്യയിലെ അൽഹാസ ആശുപത്രിയിൽ ന്യൂറോളജിസ്റ്റായ, മുർസിയുടെ മകൻ അസദിന്റെ പ്രസ്താവന: ബാപ്പ ഈജിപ്ഷ്യൻ പ്രസിഡന്റായി. നല്ല കാര്യം. ഞാൻ പക്ഷേ, ഇവിടെ സൗദി ആശുപത്രിയിലെ രോഗികൾക്കിടയിൽ അവരെ സേവിച്ച് കഴിയും. പ്രസിഡന്റിന്റെ ചെലവിൽ എനിക്കു വിലസി നടക്കേണ്ട കാര്യമില്ല. ഹുസ്നി മുബാറക്കിന്റെ മകൻ ജമാൽ മുബാറക്കിനെ ചരിത്രം വിചാരണ ചെയ്യുന്നത് നമ്മൾ കാണുന്നുണ്ടല്ലോ.

ഉവ്വ്, ഹുസ്നി മുബാറക്കും ജമാൽ മുബാറക്കും ചരിത്രത്തിന്റെ നിശിതമായ വിചാരണയ്ക്കു വിധേയമായിരിക്കുന്നു. പൊതുസ്വത്ത് കൊള്ളയടിച്ച് അത്യാഡംബര ജീവിതത്തിൽ നീന്തിത്തുടിച്ച പ്രസിഡന്റ് മുബാറക് ഏതോ അജ്ഞാതമായ ആശുപത്രിയിൽ ഓർമയുടേയും മറവിയുടേയും ഇടയിൽ മരണം കാത്ത് കഴിയുന്നു. ദൈവം മാത്രമേ ഇനി അദ്ദേഹത്തിനു കൂട്ടിനായുള്ളൂ.

ധാർഷ്ട്യത്തിന്റെ പല്ലക്കുകൾ തുരുമ്പെടുത്തു. ഔദ്ധത്യത്തിന്റെ സടകൾ കൊഴിഞ്ഞു. പ്രാക്തന സംസ്കൃതിയുടെ വെള്ളാരംകല്ലുകൾ തിളങ്ങിയ നൈൽ നദി പിന്നെയുമൊഴുകുന്നു. പുതിയൊരു പരിവർത്തനത്തിന്റെ ഈറ്റുനോവിൽ ഈജിപ്ത് അതിന്റെ ഗതകാലചരിത്രങ്ങളുടെ പിൻവിളിക്കു കാതോർക്കുന്നു. മമ്മികളുടെ മർമ്മരവും പിരമിഡുകളുടെ മന്ദഹാസവും അദൃശ്യമായ ഫാന്റസി കണക്കേ നവ ഈജിപ്തിനെ വലയം ചെയ്തിട്ടുണ്ടാകുമോ? ഈജിപ്തിന്റെ ആസ്ഥാന ഗായിക ഉമ്മുകുൽസുമിന്റെ അതീവ ചേതോഹരമായ ഈരടികൾ രാജ്യത്തിനുവേണ്ടി പോരാടി മരിച്ചവരുടെ ഖബറിടങ്ങൾക്കു നിത്യതയുടെ നിർമ്മയുക്തിയേകുന്നുണ്ടാകുമോ?

കാലം കാതോർക്കുന്നു, മുർസിയുടെ മുന്നോട്ടുള്ള ചുവടുവെപ്പുകൾക്കായി. ■